**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1598** **05-07-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ മടവീഴ്ച്ച മൂലം കൃഷി നശിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിൽ മടവീഴ്ച്ച മൂലം കൃഷി നശിച്ച കടക്കെണിയിലായ കർഷകർക്ക് വിള ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സഹായങ്ങൾ അടിയന്തരമായി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **2021-2022 സാമ്പത്തിക വർഷത്തിൽ വിളനാശം സംഭവിച്ച 16 കുട്ടനാടൻ പാടശേഖരങ്ങൾക്കൊഴികെ എല്ലാ കർഷകർക്കും 2021-2022 സാമ്പത്തിക വർഷത്തിൽ വിള ഇൻഷ്വറൻസ് പ്രകാരമുള്ള ഓഫ് ലൈൻ അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 16 പാടശേഖരങ്ങൾക്ക് 1,63,50,402/- (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരത്തി നാന്നൂറ്റി രണ്ട് രൂപ മാത്രം) നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അടിയന്തിരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.**<br><br>ഓൺലൈൻ വിള ഇൻഷ്വറൻസ് അപേക്ഷകളിൽ കുട്ടനാടൻ പാടശേഖരങ്ങൾ ഉൾപ്പെടുന്ന ചമ്പക്കുളം, രാമങ്കരി, അമ്പലപ്പുഴ, ആലപ്പുഴ, ഹരിപ്പാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ നാളിതുവരെയായി 1,27,00,002/- രൂപ (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി രണ്ട് രൂപ മാത്രം) നെൽകൃഷി നാശത്തിന് അനുവദിച്ചിട്ടുണ്ട്. ടി തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.<br><br>നിലവിൽ വിള ഇൻഷ്വറൻസ് അപേക്ഷ, പ്രീമിയം സ്വീകരിക്കൽ, പോളിസി സർട്ടിഫിക്കറ്റ് അനുവദിക്കൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ, നഷ്ടപരിഹാരം അനുവദിക്കൽ എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ ആയതിനാൽ കാലതാമസം കൂടാതെ അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നുണ്ട്.<br><br>2021 ഒക്ടോബർ മാസത്തിലെ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ കുട്ടനാടൻ മേഖലയിലെ 69 പാടശേഖരങ്ങളിൽ മടവീഴ്ചയെത്തുടർന്ന് മട/ബണ്ട് പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജില്ലാ |

| | | | |
|---|---|---|---|
| | | | കളക്ടർ അനുവദിച്ച എസ്.ഡി.ആർ.എഫ്. ഫണ്ടിനത്തിൽ 71,39,057/-രൂപ പാടശേഖര സമിതികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>**ആയതിനു ശേഷം ലഭ്യമായിട്ടുള്ള 28 പാടശേഖരങ്ങളുടെ മട/ബണ്ട് പുനർനിർമ്മാണം സംബന്ധിച്ച വാല്യൂവേഷനുകൾ, ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. ടി തുക ജില്ലാ കളക്ടറിൽ നിന്നും അനുവദിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | നെല്ല് കർഷകരുടെ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | നെൽ കർഷകർക്ക് അനുവദനീയമായ പദ്ധതികളായ Rice Development Scheme (Sustainable Development of Rice, Upland Rice cultivation, Fallow Land Paddy Cultivation, Promotion of Speciality Rice, Operational Support of Padasekhara Samithies). RKVY fallow Paddy, RKVY Productivity Improvement of paddy input Assistance, Paddy Production bonus, Soil and Root Health Management Scheme (കുമ്മായ വസ്തുക്കൾക്കുള്ള ആനുകൂല്യം) എന്നിവയുടെ ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ അനുവദിക്കുന്ന മുറയ്ക്ക് സബ് ഓഫീസുകൾക്ക് റീ അലോട്ട് ചെയ്ത് നൽകുന്നുണ്ട്. ആയത് യഥാസമയം കർഷകർക്ക് വിതരണം ചെയ്ത് നൽകുന്നുണ്ട്. |
| (സി) | വിള ഇൻഷ്വറൻസ്, പമ്പിംഗ് സബ്സിഡി, കൈകാര്യ ചിലവ്, പ്രൊഡക്ഷൻ ബോണസ്, സൗജന്യ വിത്തും വളവും, നെല്ല് സംഭരണ വില തുടങ്ങിയവ യഥാസമയം കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ പുതിയതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഓൺലൈനായി എയിംസ് പോർട്ടൽ മുഖേന കർഷകർക്ക് അംഗമാകുന്നതിനും പോളിസി വിതരണം, നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നതിനും അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു.<br><br>പമ്പിങ്ങ് സബ്സിഡി യഥാസമയം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്.<br><br>നെൽസംഭരണ വില സപ്ലൈകോ DBT സംവിധാനത്തിലൂടെ കർഷകർക്ക് നൽകിവരുന്നുണ്ട്.<br><br>ജനകീയാസൂത്രണ പദ്ധതികളും വിവിധ വകുപ്പ് തല പദ്ധതികളും മുഖേനയാണ് സൗജന്യമായി വിത്ത് കർഷകർക്ക് ലഭ്യമാക്കി വരുന്നത്.<br><br>2022-23 വർഷത്തെ പ്രൊഡക്ഷൻ ബോണസ് നൽകുന്നതിന് ബഡ്ജറ്റ് വിഹിതമായി പഞ്ചായത്തിന് 1324.00 ലക്ഷം രൂപയും, മുൻസിപ്പാലിറ്റികൾക്കായി 44.00 ലക്ഷം രൂപയും, |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനുകൾക്കായി 0.5 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഈ തുക ജില്ലകളുടെ ആവശ്യാനുസരണം ഒരു ഹെക്ടറിന് 1000/- രൂപ നിരക്കിൽ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നിലവിൽ കർഷകർക്ക് വളം സബ്സിഡി നിരക്കിലാണ് ലഭ്യമാകുന്നത്. കൂടാതെ കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും വിവിധ പദ്ധതികളിലൂടെ വളം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.<br><br>പ്രസ്തുത പദ്ധതികൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരികയാണ്. അതിലൂടെ പദ്ധതികളുടെ നടത്തിപ്പ് കൂടുതൽ സുതാര്യവും കാര്യക്ഷമവും ആവുകയും കർഷകർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നത് ഉറപ്പാക്കുവാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ